


# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
March 22, 2009, Vol. 4, Issue 26
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


# വാർഷിക ധ്യാനം

## മാർച്ച് 26 മുതൽ 29 വരെ

**നയിക്കുന്നത്: കുളത്തുവയൽ റ്റീം**

ഫാ. ജോസ് നരിതൂക്കിയിൽ, സി. റ്റെസ്സിൻ, സി. മാർഗരറ്റ് മേരി

എല്ലാദിവസവും രോഗശാന്തി ശുശ്രൂഷയും ആരാധനയും.

മാർച്ച് 26 വ്യാഴാഴ്ച കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 6:30ന് കുർബ്ബാനയും നൊവേനയും തുടർന്ന് ധ്യാന പ്രസംഗം 9:30 വരെ.

മാർച്ച് 27 വെള്ളിയാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്ന് രാത്രി 9:00 വരെ ധ്യാന പ്രസംഗം.
വൈകുന്നേരം 7:00ന് കുർബാന.

മാർച്ച് 28 ശനിയാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന.
തുടർന്ന് രാത്രി 9:00 വരെ ധ്യാന പ്രസംഗം.
ഉച്ചകഴിഞ്ഞ് കുമ്പസാരം.

മാർച്ച് 29 ഞായറാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്ന് രാത്രി 8:00 വരെ ധ്യാന പ്രസംഗം.

മാർച്ച് 29 ഞായറാഴ്ച വൈകുന്നേരം 4:00 മുതൽ 8:00 വരെ ഓ.എൽ.വി.യിൽ ധ്യാന പ്രസംഗം.
5:30ന് കുർബ്ബാന.
മതബോധന ക്ലാസ്സുകൾ പതിവു സമയത്ത് ഉണ്ടായിരിക്കും.


Fr. Jose Narithookkil


Sr. Tessin


Sr. Margaret Mary

# പുനരൈക്യ പ്രസ്ഥാനത്തിനു ക്നാനായ സമുദായം നല്കിയ നിസ്തുല സംഭാവനകൾ

***നമ്മുടെ ഇടവക പള്ളിയിൽ അഭിവന്ദ്യ ദിയസ്കോറോസ് തിരുമേനിയുടെ അനുസ്മരണാ ശുശ്രൂഷയിൽ സീറോ മലങ്കര സഭയിലെ വടക്കെ അമേരിക്കയുടെ അപ്പസ്തോലിക് വിസിറ്ററായ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി നടത്തിയ പ്രഭാഷണത്തിൽനിന്ന്.***


**ബിഷപ്പ് ജോസഫ് മാർ തോമസ്**

കേരള ക്രൈസ്തവ സമൂഹത്തിനും പൗരസ്ത്യ ക്രൈസ്തവ കൂട്ടായ്മയ്ക്കും നിസ്തുല സേവനങ്ങളും ത്യാഗോജ്വല നേതൃത്വവും നല്കിയ ഒരു സമൂഹത്തിന്റെ മുമ്പാകെയാണു ഞാൻ നില്ക്കുന്നതെന്ന വലിയ അനുസ്മരണ എന്റെ ഹൃദയത്തിലുണ്ട്. കേരള സഭാ ചരിത്രം നാം പഠിക്കുമ്പോൾ നാലാം നൂറ്റാണ്ടുമുതൽ ഇന്നുവരെയും കേരളക്കരയിലെ ഏറ്റവും ശക്തമായ ക്രൈസ്തവ സമൂഹത്തിനു നേതൃത്വം കൊടുത്ത സഭാകൂട്ടായ്മയാണു നമ്മുടേത്. പ്രത്യേകിച്ച് ക്നാനായ സമുദായം നാലാം നൂറ്റാണ്ടുമുതൽ നമ്മുടെ പൗരസ്ത്യ പാരമ്പര്യത്തിൽ, വിശുദ്ധ കുർബ്ബാനയും ആരാധനയും അഭംഗുരം കാത്തു സൂക്ഷിക്കുന്നതിൽ ത്യാഗോജ്വല നേതൃത്വവും വീരോജ്വല മാതൃകയും നല്കിയിട്ടുണ്ട്. അത് ആർക്കും നിഷേധിക്കുവാൻ സാധിക്കുകയില്ല. മാർ ഈവാനിയോസ് തിരുമേനിയും മാർ ദിയോസ്കോറോസ് തിരുമേനിയും മലങ്കര കത്തോലിക്കാ സഭയിലൂടെ പുനരൈക്യപ്പെട്ടതിനുമുമ്പുതന്നെ, 1921ൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കരറീത്തിൽ ആരാധനാക്രമം നടത്തുവാൻ മാർപ്പാപ്പായിൽനിന്ന് അനുവാദം വാങ്ങിയത് ക്നാനായ സമുദായമാണ്.

അപ്പോൾ ഒരു വിശ്വാസ സമൂഹത്തിന്റെ തനിമയും പാരമ്പര്യവും അവരുടെ സംസ്കാരവും വിശ്വാസ പൈതൃകവും അഭംഗുരം കാത്തുസൂക്ഷിക്കണമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുകയും അതിനുവേണ്ടി ത്യാഗം അനുഭവിക്കുകയും ചെയ്യുന്ന സമൂഹത്തിൽനിന്നാണ് അഭിവന്ദ്യ ദിയസ്കോറസ് പിതാവ് പുനരൈക്യ പ്രസ്ഥാനത്തിലേയ്ക്കു കടന്നുവന്നത്. വളരെ

*(Continued on page 4)*

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**




# Schedule of Events

### SATURDAY, MARCH 21, 2009

Holy Mass and Novena at 10:00 A.M.
St. Stephen Koodarayogam at the house of Raju Kanjirathumkal at 7:00 P.M.

### SUNDAY, MARCH 22, 2009

Syro-Malankara Holy Mass at 8:30 A.M.
Holy Mass and Religious Education at 10:00 A.M.
Feast Celebration of St. Joseph in English for Children at 11:30 A.M. sponsored by Children of St. Mary's Prayers Group. Main Celebrant: Rev. Fr. Roy Kaduppil.
Procession with Church Band and Indian Drum by Religious Education Students.
Meeting of High School and up Graduating Students and their parents after the feast for planning graduation party.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### WEDNESDAY, MARCH 25, 2009

Feast of Annunciation.

### THURSDAY, MARCH 26, 2009

Annual Retreat by Kulathuvayal Team at Community Center from 6:30 P.M. to 9:30 P.M. with Holy Mass and Novena.

### FRIDAY, MARCH 27, 2009

Annual Retreat by Kulathuvayal Team at Maywood from 10:00 A.M. to 9:00 P.M. with Holy Mass at 7:00 P.M.

### SATURDAY, MARCH 28, 2009

Annual Retreat by Kulathuvayal Team at Maywood from 10:00 A.M. to 9:00 P.M. with Holy Mass at 10:00 A.M.
Confession in the afternoon at Maywood.

### SUNDAY, MARCH 29, 2009

Annual Retreat at Maywood from 10:00 A.M. to 9:00 P.M. with Holy Mass and Religious Edu. Classes at 10:00 A.M.
English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Annual Retreat by Kulathuvayal Team at OLV Church for St. Mary's Unit from 4:00 P.M. to 8:00 P.M. with Holy Mass at 5:30 P.M.

### THURSDAY, APRIL 2, 2009

Confession at Community Center from 7:00 P.M.
Holy Mass, Stations of the Cross, and Novena at Community Center from 7:00 P.M..

### FRIDAY, APRIL 3, 2009

Holy Mass, Way of the Cross, and Benediction at Maywood at 7:00 P.M.
Volunteers meeting after Church Service.

### SATURDAY, APRIL 4, 2009

Youth Retreat at Techny Towers, 2001 Waukegan Rd., Northbrook, IL 60062 from 7:00 P.M. to 9:00 P.M. by Mark Nimo and team.
Holy Mass and Novena at 10:00 A.M.
Passion Play tour to Munster, 340 W. 45th Street, Munster, IL 46321. Show starts at 3:00 P.M.

### SUNDAY, APRIL 5, 2009

Palm Sunday service at Maywood at 10:00 A.M.
Religious Education Class at OLV at 3:45 P.M.



# വികാരിയുടെ സന്ദേശം

## കുറ്റബോധം നഷ്ടപ്പെട്ട ആധുനിക തലമുറ

എന്റെ പ്രിയ സഹോദരങ്ങളേ,

യുവജനങ്ങൾക്കുവേണ്ടി നാട്ടിൽ നടന്ന ഒരു സെമിനാറിൽ ബൈബിളിലെ ഒരു സംഭവമോ ഉപമയോ വിഷയമായെടുത്ത് ആധുനിക കാഴ്ചപ്പാടിൽ ഓരോ നാടകം അവതരിപ്പിക്കുവാൻ വിവിധ ഗ്രൂപ്പുകൾക്ക് സംഘാടകർ നല്കി. അവയിൽ ഒരു ഗ്രൂപ്പ് അവതരിപ്പിച്ചത് പാപിനിയായ സ്ത്രീയെ കല്ലെറിയുവാൻ ഈശോയുടെ പക്കൽ കൊണ്ടുവന്ന സംഭവമാണ്.

ആധുനിക രീതിയിൽ ആ സംഭവം യുവജനങ്ങൾ അവതരിപ്പിച്ചപ്പോൾ അവർ ഈശോയ്ക്കു പകരം ളോവയിട്ട ഒരു വൈദികനെ അവതരിപ്പിച്ചു. അദ്ദേഹം വൈദികവസതിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ നാട്ടിലെ ഒരുപറ്റം നേതാക്കൾ രോഗിയും ബലഹീനയുമായ ഒരു ചെറുപ്പക്കാരിയെ ഓടിച്ചിട്ട തല്ലുകയായിരുന്നു. അവൾ പ്രാണരക്ഷാർത്ഥം ഓടിയത് പള്ളിയിലേയ്ക്കായിരുന്നു. നേതാക്കളുടെ പക്കൽ കല്ലും തടിക്കഷണങ്ങളുമുണ്ട്. ചിലർ അവളെ തല്ലിക്കഴിഞ്ഞു. കരഞ്ഞുകൊണ്ട് അവൾ അച്ചന്റെ കാൽക്കൽ വീണ് ക്ഷമയും രക്ഷയും യാചിച്ചു. അവളുടെ ദയനീയാവസ്ഥയും പ്രമാണിമാരുടെ അക്രമ വാസനയും കണ്ട അച്ചൻ അവരോടു പ്രഖ്യാപിച്ചു: "പണ്ട് ക്രിസ്തുനാഥൻ പറഞ്ഞതുപോലെ ഞാനും നിങ്ങളോടു പറയുന്നു, നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ ആദ്യം കല്ലെറിയട്ടെ."

ഇതു കേട്ട് അവർ പരസ്പരം പറഞ്ഞു: "ഈ അച്ചൻ എന്തു കരുതി? നമ്മൾ പാപികളാണെന്നോ? ഒരിക്കലുമല്ല. ഇങ്ങേരെന്താ നമ്മെ പരിഹസിക്കുകയാണോ? അവരിൽ ഒരു പ്രമാണി ആഹ്വാനം ചെയ്തു: "നോക്കിനില്ക്കാതെ അടിച്ചു കൊല്ലടാ അവളേ!" ഉടനെ എല്ലാവരും കൂടി അവളെ അടിച്ചും കല്ലെറിഞ്ഞും കൊന്നു. അങ്ങനെ ആ പാവം സ്ത്രീയെ രക്ഷപെടുത്താനുള്ള അച്ചന്റെ ശ്രമം വിഫലമായി. അവൾ മരിച്ചെന്നറിഞ്ഞപ്പോൾ അവളെ കൊന്നവർ കല്ലും വടികളും ഉപേക്ഷിച്ച് ഓടിപ്പോകുവാൻ പിന്തിരിഞ്ഞു.

അപ്പോൾ ആ വൈദികൻ രൂക്ഷമായി ആജ്ഞാപിച്ചു: "നില്ക്കുവിടെ! ആരും അനങ്ങിപ്പോകരുത്!" എല്ലാവരും സ്തബ്ധരായി നിന്നു. അച്ചൻ ഓരോ വ്യക്തിയുടെയും കണ്ണുകളിലേയ്ക്കു ഉറ്റുനോക്കി. ആ പകൽമാന്യന്മാരെ വ്യക്തിപരമായി അറിയാവുന്ന അദ്ദേഹം അവരുടെ മുഖത്തു നോക്കി പറഞ്ഞു: "ഈ സ്ത്രീയുടെ ഭർത്താവ് അകാലമരണമടഞ്ഞപ്പോൾ അവളുടെ ചോരക്കുഞ്ഞിനെ പോറ്റുവാൻ അന്ന് അവൾ നിങ്ങളുടെ പടിവാതില്ക്കൽ സഹായം തേടിവന്നില്ലേ? അപ്പോൾ നിങ്ങൾ എന്തു ചെയ്തു? ഓരോ ന്യായങ്ങൾ പറഞ്ഞ് നിങ്ങൾ അവളെ വെറുംകയ്യോടെ പറഞ്ഞയച്ചു. പകരം രാത്രിയിൽ അവളുടെ ദുർബലമായ ചെറ്റക്കുടിൽ പൊളിച്ച് അകത്തു കടന്ന നിങ്ങൾ അവളെ ബലാത്സംഗം ചെയ്തു. അവളുടെ ഇല്ലാത്ത അവിഹിത ബന്ധങ്ങളുടെ കെട്ടുകഥകൾ പ്രചരിപ്പിച്ച് അവളെ നിങ്ങൾ സമൂഹ മദ്ധ്യത്തിൽ അപമാനിതയാക്കി. അവസാനം അവളെ നിങ്ങൾ എല്ലാം ചേർന്ന് വേശ്യയാക്കി. നിങ്ങളിൽ ആരോ പങ്കുവച്ച എയിഡ്സ് ബാധിച്ച അവൾ ഇന്നു നിങ്ങൾക്കു വേണ്ടാത്തവളായി. ജീവിക്കാൻ നിവർത്തിയില്ലാതായപ്പോൾ അവൾ ചെറിയൊരു മോഷണം നടത്തിയതിന് പകൽമാന്യന്മാരായ നിങ്ങൾ മനഃസാക്ഷിയില്ലാതെ അവളെ തല്ലിക്കൊന്നു. എന്നിട്ടും നിങ്ങൾ പാപമില്ലാത്ത പുണ്യാത്മാക്കളായി ചമയുന്നവരല്ലേ?

ഇതു കേട്ടു കോപാകുലരായ ആ പ്രമാണിമാർ അച്ചനെ കയ്യേറ്റം ചെയ്തു. നിലത്തുവീണ് അർത്ഥപ്രാണനായി കിടന്ന അദ്ദേഹത്തെ ഉപേക്ഷിച്ച് അവർ പോയി മറഞ്ഞു. ഇതോടെ നാടകത്തിനു തിരശ്ശീല വീഴുന്നു.

പാപബോധം നഷ്ടപ്പെട്ട ആധുനിക തലമുറയുടെ പ്രതീകാത്മക ചിത്രീകരണമായിരുന്നു ആ യുവജനങ്ങൾ അവതരിപ്പിച്ചത്. നിന്റെ കണ്ണിൽ തടിയിരിക്കെ, അന്യന്റെ കണ്ണിലെ കരടെടുത്തു കളയുവാൻ നിങ്ങൾക്കെങ്ങനെ കഴിയും? എന്ന ക്രിസ്തുനാഥന്റെ ദിവ്യ വചസ്സുകൾ ഇന്നു നമുക്കും അന്വർത്ഥമല്ലേ? താനൊഴികെ ബാക്കിയെല്ലാവരുടെയും ഇല്ലാത്ത കുറ്റങ്ങളും ബലഹീനതകളും പർവ്വതീകരിച്ച് സമൂഹ മദ്ധ്യത്തിൽ മാന്യത ചമയുന്ന പ്രവണതയല്ലേ നമുക്കുള്ളത്?

സ്വന്തം തെറ്റുകൾ അംഗീകരിക്കുവാനും ഏറ്റുപറയുവാനും ദൈവവും സഹജീവികളുമായി രമ്യപ്പെടുവാനുമുള്ള സുവർണ്ണാവസരമാണ് ഈ നോമ്പുകാലത്തെ നമ്മുടെ വാർഷിക ധ്യാനത്തിലൂടെ സംജാതമാകുന്നത്. ആടി ഉലയുന്ന ദാമ്പത്യ ബന്ധങ്ങളും വഴി തെറ്റി വഴക്കടിക്കുന്ന മക്കളും അവിശുദ്ധ കച്ചവട ബന്ധങ്ങളും ചേരിതിരിഞ്ഞുള്ള സഭാ-സാമുദായിക ഭിന്നതകളും പരിഹരിക്കേണ്ട സമയമാണിത്.

ബലിയർപ്പിക്കുവാനായി നീ ബലിവേദിയിൽ വരുമ്പോൾ നിന്റെ സഹോദരനു നിന്നോടു വിരോധമുണ്ടെന്നു തോന്നുന്ന പക്ഷം, നിന്റെ ബലിവസ്തു അവിടെ വച്ചിട്ട് ആദ്യം പോയി സഹോദരനുമായി രമ്യപ്പെടുക, അതിനു ശേഷം വന്നു ബലിയർപ്പിക്കുക എന്ന ക്രിസ്തുവചനമനുസരിച്ച് അനുരഞ്ജനത്തിനു തയ്യാറായ ശേഷം നമുക്ക് ഈസ്റ്ററാഘോഷത്തിനൊരുങ്ങാം. അതിന് ഈ വർഷത്തെ വാർഷിക ധ്യാനം നമ്മെ പ്രാപ്തരാക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

---

### നുറുങ്ങുവെട്ടം



ബലിയേക്കാളുപരി ദൈവം പ്രതീക്ഷിക്കുന്ന കരുണ കാണിക്കാൻ നമുക്കാവുന്നുണ്ടോ?

(Continued from page 1)

ആഴത്തിൽ നാം പരിശോധിച്ചു നോക്കുമ്പോൾ കേരള സമൂഹത്തിലെ, പ്രത്യേകിച്ച് സുറിയാനി സമൂഹത്തിലെ രണ്ടു റീത്തുകൾക്കും തുല്യ പ്രാധാന്യം കൊടുത്ത് അവയെ പരിപോഷിപ്പിച്ചത് ക്നാനായ സമുദായമാണ്. ഇന്നും അങ്ങനെ തന്നെയാണ്. ഒരു പക്ഷേ അന്ന് ക്നാനായ സമുദായത്തിലെ പിതാക്കന്മാർക്ക പറയാമായിരുന്നു അന്ത്യോക്യാ റീത്തിൽനിന്ന് കടന്നുവന്നിട്ടുള്ള വൈദികരും വിശ്വാസികളും അന്നു നിലവിലിരുന്ന ആരാധനാക്രമം പാലിക്കണമെന്ന്. അതു പറയാതെ നിങ്ങളുടെ പാരമ്പര്യവും വിശ്വാസവും സാംസ്കാരിക തനിമയും കാത്തു സൂക്ഷിച്ചുകൊണ്ട് ഞങ്ങളുടെ കൂടെ വന്നുകൊള്ളുകയെന്നാണ് പറഞ്ഞത് ക്നാനായ സമുദായത്തിലെ ഭാഗ്യസ്മരണാർഹരായ പിതാക്കന്മാരാണ്.



MOST REV. THOMAS MAR DIOSCOROSE METROPOLITAN
OTTATHYCKAL
II[nd] BISHOP OF KNANAYA DIOCESE CHINGAVANAM.

അങ്ങനെ ആ സമുദായത്തിൽനിന്നു മെത്രാപ്പോലീത്തയായിരുന്ന ദിയോസ്കോറോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭയുടെ തിരുവല്ല അതിരൂപതയുടെ വലിയ മെത്രാപ്പോലീത്തയായി കടന്നുവന്നപ്പോൾ മലങ്കരസഭാ പുനരൈക്യ പ്രസ്ഥാനം കൂടുതൽ പ്രോജ്ജ്വലമാകുകയും ശക്തമാകുകയും ചെയ്തു. ഈ അവസരത്തിൽ ആ വലിയ സ്മരണ സൂക്ഷിച്ചുകൊണ്ടാണ് ഈ വിശുദ്ധ ബലി അർപ്പിക്കുന്നത്. അപ്പോൾ ക്നാനായ സമുദായവും ഒറ്റത്തൈക്കൽ കുടുംബവും ദിയോസ്കോറോസ് തിരുമേനിയും പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യകാലങ്ങളിൽ വലിയ ത്യാഗം മലങ്കരറീത്ത് വളർത്തിയെടുക്കുവാൻ അനുഷ്ഠിച്ചിട്ടുള്ളവരാണ്. അതുകൊണ്ടുതന്നെ ഈ അഭിവന്ദ്യ പിതാവിനെയും കുടുംബാഗങ്ങളേയും സമൂഹത്തെയും പ്രാർത്ഥനകളിൽ ഓർക്കുവാൻ നമുക്കെല്ലാവർക്കും വലിയ കടപ്പാടുണ്ട്.

# ONE DAY YOUTH RETREAT

## On Saturday April 4, 2009 At Techny Towers

2001 Waukegan Road, Northbrook, IL 60062.
7:00 A.M. to 9:00 P.M.



## Mark Nimo and team.

All youth from 7th grade and up are welcome from both Sacred Heart and St. Mary's Unit. Please register early with youth coordinators or DREs to confirm your seat. Registration fee is $50 to meet the expense.

Mandatory for all Religious Education Youth Teachers. For details, please call Sabu Mutholam at (708) 307-1795.



Mark Nemo

### For Favors Received



- ഒരു വിശ്വാസി

### For Favors Received



- സാലി ഐക്കരപ്പറമ്പിൽ

### For Favors Received



- Jojo Parumanathettu

### For Favors Received



- Shelly Kattapuram

# വിശുദ്ധ വാര കർമ്മങ്ങൾ

**ഓശാന** (ഏപ്രിൽ 5) രാവിലെ 10:00ന് ഇടവക പള്ളിയിലും വൈകുന്നേരം 5:30ന് ഓ.എൽ.വി. പള്ളിയിലും കുരുത്തോല വെഞ്ചരിപ്പ്, പ്രദക്ഷിണം, കുർബ്ബാന.

**പെസഹാ വ്യാഴം** (ഏപ്രിൽ 9) വൈകുന്നേരം 6:30ന് ഇടവകപള്ളിയിലും രാത്രി 9:00 ന് കമ്മ്യൂണിറ്റി സെന്ററിലും കാലുകഴുകൽ ശുശ്രൂഷയും കുർബ്ബാനയും അപ്പം മുറിക്കലും. (രണ്ടിടത്തും പെസഹാ അപ്പവും പാലും കൊണ്ടുവന്ന സഹകരിക്കുമല്ലോ).

**ദുഃഖവെള്ളി** (ഏപ്രിൽ 10) രാവിലെ 10:00ന് ഇടവകപള്ളിയിലും വൈകുന്നേരം 7:00 ന് കമ്മ്യൂണിറ്റി സെന്ററിലും പീഡാനുഭവ ശുശ്രൂഷയും ആഘോഷമായ കുരിശിന്റെ വഴിയും കഞ്ഞിനേർച്ചയും. (ഇടവക പള്ളിയിലെ സ്ലീവാ പാതയ്ക്ക് കയ്യിൽ പിടിക്കുവാൻ എല്ലാവരും കുരിശുകൾ കൊണ്ടുവരു ന്നത് നന്നായിരിക്കും).

**ദുഃഖശനി:** (ഏപ്രിൽ 11) ഇടവക പള്ളിയിൽ രാവിലെ 10:00ന് ദുഃഖശനി ആചരണം: പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ് (തിരികളും വിശുദ്ധ ജലം കൊണ്ടുപോകുവാൻ ചെറിയ പാത്രവും കൊണ്ടുവരാം) ജ്ഞാനസ്നാന വ്രത നവീകരണം, കുർബ്ബാന.

വൈകുന്നേരം 7:00ന് ഇടവക പള്ളിയിൽ **ഈസ്റ്റർ കുർബ്ബാനയും** സ്നേഹവിരുന്നും. സെന്റ് മേരീസ് യൂണിറ്റിന്റെ ഈസ്റ്റർ കുർബ്ബാന രാത്രി 11:00ന് നൈൽസിലെ 8307 നോർത്ത് ഹാർലം അവന്യൂവിലുള്ള സെന്റ് ജോൺസ് പള്ളിയിൽ.

**ഉയിർപ്പ ഞായർ** (ഏപ്രിൽ 12) രാവിലെ 10:00 ന് ഇടവക പള്ളിയിൽ ദിവ്യബലി.









## FEAST OF ST. JOSEPH

Sacred Heart School of Religious Education will be celebrating the Feast of St. Joseph on March 22nd at 11:30 A.M. Rev. Fr. Roy Kaduppil, Chancellor of St. Thomas Syro-Malabar Diocese of Chicago will be the main celebrant. Program includes veneration of the statue, Holy Mass in English, Procession with Church band and Indian drums by the students of the school. Sponsors: Children of St. Mary's Prayer Group.

## For Favors Received



- സണ്ണി തെക്കേപ്പറമ്പിൽ

## For Favors Received



- ഒരു വിശ്വാസി

## ഒൻപതാം ചരമ വാർഷികം



**ഏലിയാമ്മ ചാക്കോ**

**ചകിരിയാംതടത്തിൽ, ഏറ്റുമാനൂർ**

Born: 01/01/1935

Death: 03/18/2000

## PASSION PLAY TOUR TO MUNSTER, INDIANA

**340 W. 45th Street, Munster, IN 46321.**



Various ministries of our Parish are organizing a tour to attend JESUS OF NAZARETH, a live passion play at Munster, Indiana directed by Steve Munsey. The program we attend will be on **Saturday April 4th at 3:00 P.M.** That is the eve of Palm Sunday to prepare ourselves for the Holy Week. For Registration please contact 1-219-922-6500 Extension 580 or visit
http://www.jesusofnazareth.org
You may arrange your own transportation.

Coordinators from the parish: Reethamma Accathara, Thankamma Nediyakalayil, Regy Idiyalil, Gracy Vachachira, Sunil Vettathukandathil, and Saly Kizhakkekuttu.

## HOLY WEEK SCHEDULE



**Palm Sunday (April 5)** Blessing of palm leaves, procession and Holy Mass at Maywood at 10:00 A.M. and at OLV at 5:30 P.M.

**Holy Thursday (April 9)** Washing of feet, Holy Mass and Passover meal sharing at 6:30 P.M. at Maywood and 9:00 P.M. at Community Center.

**Good Friday (April 10)** Passion Narrative, Way of the Cross and snack at Maywood at 10:00 A.M. and at Community Center at 7:00 P.M.

**Holy Saturday (April 11)** Blessing of new light and water, Renewal of Baptismal promises and Holy Mass at Maywood at 10:00 A.M.

**Easter Mass (April 11)** Easter Mass at Maywood at 7:00 P.M. and at St. John Brebeuf Church, 8307 North Harlem Ave., Niles, IL 60714 at 11:00 P.M. for St. Mary's Unit.

**Easter Day (April 12)** Holy Mass at 10:00 A.M. at Maywood for those who cannot attend on 11th.

# Cruise to Bahamas / Alaska

**The pilgrimage committee of our parish is organizing two cruises:**
**Three Nights cruise to Bahamas from October 9 to 12, 2009.**
**Seven Nights cruise to Alaska from August 12 to 19, 2009.**

**Please register with first payment $350 for Alaska and $100 for Bahamas before March 26, 2009.**

**For rate and details,**
**please contact our coordinators Joy Nediyakalayil at 847-910-1068, Joy Chemmachel, Mary Pinarkayil**
**Or travel agency Mathews Pilgrimage at 847-759-0899.**



## READERS / LECTORS    നോമ്പുകാലം

| March 22 | PASSAGE | MALAYALAM | ENGLISH | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | 2 Chronicles 36:14-23) | Alex Pandijarel | Patrick Nedumakil | Shawn Kadalimattom |
| 2nd Reading | Ephesians 2:4-10 | Renju Melandacheril | Neethu Ellankil | Jeffin Chollampel |
| Gospel | John 3:14-21 | *The Son was sent by God so that the world might be saved through him.* | | |
| March 29 | | | | |
| 1st Reading | Jeremiah 31:31-34 | John Klackil | Justin Muthukattil | Jex Nediyakalayil |
| 2nd Reading | Hebrews 5:7-9 | Jomon Padinjarel | Vanessa Indikuzhy | Jenny Pillaveetil |
| Gospel | John 12:20-33 | *If a grain of wheat falls to the ground and dies, it produces much fruit.* | | |

# WEDDING BANNS

© J. S. Paluch Co., Inc.

Nidhin son of Cyriac and Kunjamma Padinjath from S.H. Mount Parish with Bency daughter of Kurian and Alemma Nellamattom from (Areekara) S.H.K.C. Parish, Chicago to be held on April 18, 2009. (3/3).

Cijo son of Simon and Annamma Mundaplackil from (Koodalloor) S.H.K.C. Parish with Maryann daughter of Jose and Lucy Mattam from Kidangoor parish (living at Quebec, Canada) to be held on May 24, 2009. (3/3)

Ajit son of Cyriac and Alice Poovathumkal from Knanaya Catholic Mission of Los Angeles with Alma daughter of Abraham and Aley Kunnathukizhakkethil from S.H.K.C. Parish, Chicago to be held on June 21, 2009. (3/3).

Jerry son of Stephen and Lucy Makkil from (Kuruppanthara) S.H.K.C. Parish Chicago with Maxcy daughter of Mathachan and Marykutty Chemmachel from (Neendoor) S.H.K.C. Parish to be held on September 5, 2009. (3/3).

| SUNDAY OFFERINGS | March 15 |
|---|---|
| **St. Mary's Unit at OLV** | **218.00** |
| Sacred Heart Church Mal. Mass | 1,581.00 |
| St. Joseph Feast on March 14th | 266.00 |
| English Mass | 71.00 |
| Sponsorship for lights | 300.00 |
| Food Service (Naperville) | 400.00 |
| Guadalupe Offering | 82.00 |
| Bulletin Advertisement Receipts | 1,530.00 |
| Agape Stall for Charity | 128.00 |
| **TOTAL AT MAYWOOD** | **4,358.00** |

## MARRIAGE PREPARATION COURSE



**Family Commission of Sacred Heart Knanaya Catholic Parish is offering Marriage Preparation Course that is mandatory for Catholic Marriage. The course will be held at our Church from Friday, April 24 to Sunday 26th. Early registration is required. Please contact Tonny Pullappally at 630-205-5078.**







Please support our advertisers who make this bulletin possible.

YOU INVITE THE GUESTS, WE DO THE REST

Malabar

Catering &Carry-out

**Professional with 11 years experience in catering.**

Call

**WILLIAM GEORGE**

911 Greenwood Road, Glenview, IL 60025

Tel: 847-998-5635

Cell 773-842-5179

E-mail: malabarcat@yahoo.com

**For All Your Tax Services**

**Free Electronic Filing & Fast Refund**

**Sabu Madathiparambil**

**Cell: 847-276-7354**

**Off: 847-655-7472**

**1600 W. Dempster St., Suite 205**

(Opp. to Lutheran General Hospital)

**Park Ridge, IL 60068**

**sabuaphilip@hotmail.com**

**Loan Consultant**

Citywide JMW Realty Inc.

**Cell: 847-276-7354**

**Sabu Madathiparambil**

**Citywide Mortgage of America Corp.**

**sabuaphilip@hotmail.com**

**Home: 847-918-0242**

Illinois Residential Mortgage Licensee

Equal Housing Lender





**Gaanam Videos & Photos Edukkutharayil**

**Professional Touch with Latest Technology.**



***ANIL***

***Cell: 630-202-5969***

***Res: 847-827-7827***



*Your Rehab Specialists*

**Pro-Rehab Services, P.C.**

&



Choicecare Home Health, Inc.



Palos Heights and Tinley Park

(708) 489 6PRS or (708) 489-0123

www.pro-rehabservices.com

www.choicecarehh.com

Best Compliments from the Mutholath Family

